**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5656** **03-11-2021 - ൽ മറുപടിയ്ക്ക്**

**മദ്യ നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന ക്രിമിനൽ കേസ്സുകളുടെയും വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെയും കാരണം മദ്യപാനമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന ചില ക്രിമിനൽ കേസ്സുകളിലും, ചില റോഡപകടങ്ങളിലും ഇവയ്ക്ക് കാരണമായ വ്യക്തികളുടെ മദ്യപാനമാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് സാമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും മദ്യ നിരോധനം സഹായകരമാകുമെന്ന് കരുതുന്നുണ്ടോ; | (ബി) | കരുതുന്നില്ല. പൂർണ്ണമായ മദ്യനിരോധനം നടപ്പിലാക്കുന്നത് വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വർദ്ധിച്ച വില്പനക്കും, ഉപഭോഗത്തിനും കാരണമാകുകയും, അത് സംസ്ഥാനത്തെ സമാധാന അന്തരീക്ഷത്തെയും ആരോഗ്യ സംരക്ഷണ മേഖലയെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും. സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് മദ്യവർജ്ജനം എന്ന ആശയം ഉയർത്തിപിടിച്ച് സർക്കാർ നിലവിലെ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്. കേരള സമൂഹത്തിൽ വർദ്ധിച്ച വരുന്ന മദ്യാസക്തിയും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച്, മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കി, മദ്യത്തിന്റെ ലഭ്യതയും, ഉപഭോഗവും ഘട്ടംഘട്ടമായി കുറച്ച് കൊണ്ട് വന്ന്, സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | ഉണ്ടെങ്കിൽ മദ്യ നിരോധനം ഏർപ്പെടുത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | കരുതുന്നില്ല. പൂർണ്ണമായ മദ്യനിരോധനം നടപ്പിലാക്കുന്നത് വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വർദ്ധിച്ച വില്പനക്കും, ഉപഭോഗത്തിനും കാരണമാകുകയും, അത് സംസ്ഥാനത്തെ സമാധാന അന്തരീക്ഷത്തെയും ആരോഗ്യ |

| | | | |
|---|---|---|---|
| | | | സംരക്ഷണ മേഖലയെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും. സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് മദ്യവർജ്ജനം എന്ന ആശയം ഉയർത്തിപിടിച്ച് സർക്കാർ നിലവിലെ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്. കേരള സമൂഹത്തിൽ വർദ്ധിച്ച വരുന്ന മദ്യാസക്തിയും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച്, മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കി, മദ്യത്തിന്റെ ലഭ്യതയും, ഉപഭോഗവും ഘട്ടംഘട്ടമായി കുറച്ച് കൊണ്ട് വന്ന്, സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ